മിസ്റ്റർ ഐ. രാമൻമേനോൻ.—നന്നാക്കികിട്ടണമെന്നു ഇതേവരെ ഹർജികളൊ അപേക്ഷകളൊ കിട്ടുകയുണ്ടായില്ല

മിസ്റ്റർ എ. കെ. കുഞ്ഞുമൊയ്തീൻ.—കളങ്ങളും ചാരും ഉണ്ടാക്കി എത്രകൊല്ലം ആകുമ്പോൾ ഉപയോഗത്തിനു പറ്റാതാകുമെന്നു ഗവർമ്മെണ്ടിനറിഞ്ഞുകൂടേ?

മിസ്റ്റർ ഐ. രാമൻമേനോൻ.—അങ്ങിനെ ഒരു നിശ്ചയവും ഇല്ല.

മിസ്റ്റർ എ. കെ. കുഞ്ഞുമൊയ്തീൻ.—അങ്ങിനെ ഒരു നിശ്ചയം ഉണ്ടായിരിക്കേണ്ടതല്ലേ? അല്ലെങ്കിൽ ക്രമീകരണത്തിനു വലിയ ബാധകമായിത്തീരുമെന്നാണ് തോന്നുന്നതു്. ആ സംഗതിയെപ്പറ്റി പ്രത്യേകം ആലോചിക്കണം

Construction of the Eriyad L. S. School building.

174. മിസ്റ്റർ എ. കെ. കുഞ്ഞുമൊയ്തീൻ.—(a) എറിയാട് ലോവർ സെക്കണ്ടറി സ്കൂൾ കെട്ടിടത്തിന്റെ പണികൾ ഇക്കൊല്ലത്തിൽ നടത്തുവാൻ അനുവദിക്കയുണ്ടായൊ;

(b) പണി നടത്തിക്കഴിഞ്ഞൊ; ഇല്ലെങ്കിൽ കാരണമെന്തു;

(c) പ്രസ്തുത പണികൾ ധൃതഗതിയിൽ നടത്തേണ്ടതാണെന്നു കാണിച്ചു് ഗവർമ്മെണ്ടിനു കിട്ടീട്ടുള്ള റിപ്പോർട്ടുകൾ മേശപ്പുറത്തു വെക്കുമൊ?

മിസ്റ്റർ വി. കെ. അരവിന്ദാക്ഷമേനോൻ.—(a) ഫസ്റ്റ് വർക്കിന്റെ പണി ഇക്കൊല്ലം നടത്തുവാനും ബാക്കി പണി വരുന്നകൊല്ലത്തിൽ നടത്തുവാനും അനുവദിച്ചിട്ടുണ്ടു്.

(b) ഇക്കൊല്ലത്തേക്കു അനുവദിച്ച പണി നടത്തികഴിഞ്ഞിരിക്കുന്നു.

(c) റിപ്പോർട്ടുകളുടെ പകർപ്പുകൾ മേശപ്പുറത്തു വെക്കേണ്ട ആവശ്യം കാണുന്നില്ല.

Utilisation of the special grant to Cranganur for communication facilities.

175. മിസ്റ്റർ എ. കെ. കുഞ്ഞുമൊയ്തീൻ.—അടുത്ത കൊല്ലത്തെ കൊടുങ്ങല്ലൂർ ബഡ്ജറ്റിൽ പ്രത്യേകമായി കൊള്ളിക്കാമെന്നു (special allotment) വാഗ്ദാനം ചെയ്തിട്ടുള്ള ൫0,0 0 0 ക. ഗതാഗതമാർഗ്ഗങ്ങൾക്കായി മാത്രം ചിലവുചെയ്യാൻ വിരോധമുണ്ടൊ?

മിസ്റ്റർ വി. കെ. അരവിന്ദാക്ഷമേനോൻ.—കൊടുങ്ങല്ലൂരിനു ഏതെല്ലാം പണികളാണ് അത്യാവശ്യമായി നടത്തേണ്ടതു എന്നകാര്യം തീരുമാനമാക്കിയതിനു ശേഷമല്ലാതെ ചോദ്യത്തിനു മറുപടി പറയുവാൻ സാധിക്കുന്നതല്ല.

LIBRARY ARCHIVES Kerala Legislative Assembly